# മുജാഹിദ് പ്രസ്ഥാനവും: മടവൂരികൾ പിളർത്തിപോയ വഴിയും

മുജാഹിദ് പ്രസ്ഥാനത്തിൽ ഇടക്കാലത്ത് വന്ന പിളർപ്പ് **വർഷങ്ങൾക്ക് മുമ്പേ അസൂത്രണം ചെയ്തും,ഒരു വ്യാഴവട്ടക്കാലത്തിലേറെയായി സംഘടനയിൽ ആദർശവ്യതിയാനത്തിനും ദിശാവ്യതിയാനത്തിനും വേണ്ടി സുത്രപ്പണിയെടുക്കുകയും തേത്യസ്ഥാനങ്ങളിൽ കണ്ണും നട്ട് നടക്കുകയും ചെയ്യുന്ന ചിലരും ഉണ്ടായിരുന്നു എന്നതാണ് വാസ്തവം. ചിലർ മുജാഹിദ് പ്രസ്ഥാനം പിളർത്തിപോവുകയും, പ്രസ്ഥാനത്തിനെതിരിൽ ഒളിഞ്ഞും തെളിഞ്ഞും കുപ്രചരണങ്ങൾ നടത്തികൊണ്ടിരിക്കുന്ന കൂട്ടത്തിൽ പ്രസ്ഥാനത്തിനകത്ത് ആദർശപരമായും സംഘടനാപരമായും ഒന്നും നടന്നിട്ടില്ലെന്നും സ്വന്തം അണികളെ പിടിച്ച് നിർത്താൻ വേണ്ടി ഇവർ കള്ള പ്രചാരണം നടത്തുന്നു. ആയതിനാൽ ഈ ഒരു ലഘുലേഖ പിളർപ്പൻമാരുടെ ദുഷ്ചെയ്തികൾ ചെറിയ തോതിൽ തുറന്ന് കാട്ടുന്നു. എഴുതാൻ വിട്ടു പോയതുണ്ടാകാം ഉണ്ടെങ്കിൽ ഇതിനോട് ചേർത്ത് വായിക്കുമല്ലോ........ (1986 മുതൽ 2008 വരെ)**

**1986—>** നമസ്കാരം ഒരു ലഘു പഠനം എന്ന പുസ്തകത്തിൽ ഹുസൈൻ മടവൂർ തറാവീഹ് എത്രയുമാകാം എന്ന് പ്രസിദ്ധപ്പെടുത്തി (പേജ്:14)

**1988—>** ഹുസൈൻ മടവൂർ ഐ.എസ്.എം പ്രസിഡൻ്റ് ആയിരിക്കെ ജമാഅത്തെ ഇസ്ലാമിയുടെ കർമ്മ സമിതിയുടെയും, കാന്തപുരം വിഭാഗത്തിൻ്റെ ടൈഗർഫോഴ്സ് പോലെ മുജാഹിദ് നേതാക്കളെ അക്രമങ്ങളിൽ നിന്നും രക്ഷക്കാനെന്ന പേരിൽ ഒരു രഹസ്യ സംഘടന; വളണ്ടിയർകോർ (വി.സി)) എന്ന പേരിൽ രൂപീകരിക്കാൻ തീരുമാനിച്ചു (ഐ.എസ്.എം. സർക്കുലർ 25/2/1988)

**1989—>** ഐ.എസ്.ഐമ്മിന് സ്വതന്ത്ര ആസ്ഥാനമുണ്ടാക്കാൻ തീരുമാനിച്ചു.

**1991—>** ലോകത്തെ പിറകോട്ട് വലിക്കുന്ന ഉറക്കം തൂങ്ങികളായ കെ.എൻ.എം നേതാക്കൾക്കെതിരിലാണ് തങ്ങളുടെ വിപ്ലവാത്മകമായ ശ്രമങ്ങൾ എന്ന് പ്രഖ്യാപിച്ചു (ഐ.എസ്.എം സമ്മേളന ഉപഹാരം 1991 പേജ്-3)

**1991—>** സംഘടനയിലെ പ്രായമുള്ള കെ.പി. അടക്കമുള്ളവരെ കളിയാക്കി കൊണ്ട് ഇത് യുവത്വമാണ് വാർദ്ധക്ക്യമല്ല എന്ന് ഐ.എസ്.എം പ്രസിഡണ്ട് ആയിരിക്കെ ഹുസൈൻ മടവൂർ പ്രസിഡണ്ട് കോളത്തിൽ ലേഖനം പ്രസിദ്ധീകരിച്ചു (91 ശബാബ്)

**1992—>** ഉമർ മൗലവിയുടെ പ്രസ്സും, പ്രവർത്തകരുടെ രണ്ട് ദിവസത്തെ വേതനവും മർക്കസ്സുദ്ദഅ്വക്ക് വേണ്ടി സമാഹരിച്ചു.

**1992—>** മടവൂരും കൂട്ടരും ഇസ്ലാമിക് ഗൈഡൻസ് ട്രസ്റ്റ് രൂപീകരിച്ചു, മർക്കസുദ്ദഅ്വ ട്രസ്റ്റിൻ്റെ പേരിൽ രജിസ്റ്റർ ചെയ്തു.

**1992—>** മർക്കസ്സുദ്ദഅ്വക്ക് വേണ്ടി വാങ്ങിയ 22 സെൻ്റ് സ്ഥലം പകുതി ഇസ് ലാമിക് ഗൈഡൻസ് ട്രസ്റ്റൻ്റെ പേരിൽ റജിസ്റ്റർചെയ്തു (സെമിനാർ പതിപ്പ് 92)

**1992—>** സംഘടനയുടെ കീഴിലുള്ള ട്രസ്റ്റുകളെല്ലാം നിശ്ചിത കാലാവധികളിൽ പുനസംഘടിപ്പിക്കുന്നു. എന്നാൽ മർക്കസ്സുദ്ദഅ്വ ട്രസ്റ്റ് മാത്രം ആജീവിനാന്ത സ്വത്തായി ട്രസ്റ്റ് അംഗങ്ങളുടെ പേരിൽ തന്നെ നിലനിൽക്കുന്നു.

**1993—>** നേതൃത്വത്തിൽ നിന്ന് പ്രായമുള്ളവരെ മാറ്റി വളണ്ടിയർകോർ ആഭിമഖ്യമുള്ള കമ്മറ്റിയെ അവരോധിക്കാൻ വേണ്ടി പ്രധാന ജില്ലകളിൽ അസ്ഗറലിയുടെ നേതൃത്വത്തിൽ ആദ്യത്തെ ഗ്രൂപ്പ് യോഗം വിളിച്ചു (മേപ്പയൂർ-23/10/1993)

**1993—>** പ്രത്യേകം തിരഞ്ഞെടുത്ത വ്യക്തികൾക്കായി ഇസ്ലാമിക് സെമിനാർ മർക്കസ്സുദ്ദഅ്വ കേന്ദ്രീകരിച്ച് ആരംഭിച്ചു.

**1993—>** ജമാഅത്തെ ഇസ്ലാമിയെയും ഇഖ്വാനികളെയും അനുകരിച്ചുകൊണ്ട് ഖണ്ഡന മണ്ഡനപ്രസംഗങ്ങളിൽ നിന്നും മുക്തമായ പ്രബോധന ശൈലി പുനരാഖ്യാനിക്കണമെന്ന് 93ൽ ഐ.എസ്.എം (വി.സി) നയരേഖ പ്രസിദ്ധപ്പെടുത്തി.

1993—> വളണ്ടിയർ കോറിൻ്റെ പ്രവർത്തനങ്ങൾ സുതാര്യമായിരുന്നില്ല.അർദ്ധരാത്രിക്ക് ശേഷമാണ് അവരുടെ മീറ്റിങ്ങുകൾ, അതിലെ പ്രതിജ്ഞ ഇപ്രകാരമായിരുന്നു: ഈ സംരംഭത്തിൽ തൻ്റെ മാതാപിതാക്കളോ ബന്ധുക്കളോ, നേതാക്കളോ കോറിൻ്റെ താൽപ്പര്യത്തിന് എതിരാവുന്ന പക്ഷം അത് തനിക്കൊരു പ്രശ്നമല്ല എന്ന് പ്രതിജ്ഞ ചൊല്ലിച്ചിരുന്നു. ഇതെല്ലാം നേതാക്കളുടെ അറിവോടെയായിരുന്നില്ല.

**1993—>** പ്രസ്ഥാനത്തിനെതിരിൽ വ്യാജ പോസ്റ്ററുകൾ പതിച്ചും, വ്യാജ പ്രകടനങ്ങൾ നടത്തിയും, വളണ്ടിയർകോറിൻ്റെ ആവശ്യകത പ്രസ്ഥാന നേതാക്കളെ ബോധ്യപ്പെടുത്താൻ ശ്രമിച്ചു. ഉദാ: പൗരാവകാശ സമ്മേളനം, പൗരാവകാശ വേദി എന്ന പേരിൽ മംഗളംപ്രസ്സിൽനിന്ന്

1993—> അസ്ഗറലിയുടെ നേതൃത്ത്വത്തിൽ വളണ്ടിയർകോറിന്ന് വേണ്ടി നുണപറയൽ മത്സരം സംഘടിപ്പിച്ചു.

1993—> വളണ്ടിയർകോറിനെ നിയന്ത്രിക്കാൻ കെ.എൻ.എം. സർക്കുലർ നൽകി, അതിൻ്റെ പ്രവർത്തനം സംഘടനക്ക് എതിരായതിനാൽ നിർത്തിവെക്കാനാവിശ്യപ്പെട്ടു

1993—> ഐ.എസ്.എം സംസ്ഥാന കമ്മറ്റി പുറത്തിറക്കിയ നയരേഖ ഇവരുടെ ആദർശവ്യതിയാനത്തിനുള്ള വ്യക്തമായ തെളിവായിരുന്നു (കെ.ജെ.യു മിനുട്സ്)

1994—> മർക്കസുദ്ദഅ്വയിൽ നടക്കുന്ന അന്വേഷണങ്ങളും പ്രബന്ധങ്ങളും ഒരു ദിശാവ്യതിയാനത്തിന് സമാരംഭം കുറിക്കുമെന്ന് പ്രസിദ്ധപ്പെടുത്തി (മർക്കസ്സുദ്ദഅ്വയുടെ ഉദ്ഘാടന നോട്ടീസ്)

1994—> പൊതുതാൽപര്യ മേഖല കണ്ടെത്തി പ്രവർത്തിക്കുന്നതിന്ന്, സർവ്വരേയും സമന്വയിപ്പിച്ച് കൊണ്ട് സാംസ്ക്കാരിക സമ്മേളനം മർക്കസുദ്ദഅ്വയിൽ നടത്തി (13-11-94). കൂടാതെ കെ.എൻ.എംഉം, എ.എസ്.എംഉം ചെയ്യുന്ന മുഴുവൻ പ്രവർത്തനങ്ങളും മർക്കസുദ്ദഅ്വ സമാന്തരമായി സംഘടിപ്പിക്കാൻ പിളർപ്പിന്ന് മുമ്പ് തന്നെ തുടങ്ങി. ഉദാ: പ്രൊജക്റ്റുകൾ, ഓർഫൻ കെയർ, മെഡിക്കൽ കെയർ, ഇഫ്താർ,ഉളുഹിയത്ത്, എഫ് സി എക്കൗണ്ട് തുടങ്ങിയവ.

1994—> മർഹൂം കെ.പി.മുഹമ്മദ് മൗലവി മർക്കസ്സുദ്ദവയുടെ ഉദ്ഘാടനത്തിൽ പങ്കെടുക്കില്ലെന്നും. മർക്കസ്സുദഅ്വ ട്രസ്റ്റ് അംഗത്തിൽപ്പെട്ട അസ്ഗറലിയോട് സൂത്രപ്പണിക്കും (വഞ്ചനക്കും)അറുതി വേണം എന്ന് പറഞ്ഞ് 18-11-1994ന് കെ.പി. കത്തയച്ചു. (അസ്ഗറലിക്കയച്ച കത്ത് )

**1994—>** നേതൃഗുണമുള്ള യുവാക്കളെ നേതൃത്വത്തിൽ എത്തിക്കാൻ അടിസ്ഥാന രംഗങ്ങളിൽ പണിയെടുക്കേണ്ട സമയമാണിതെന്ന് ആഹ്വാനം ചെയ്തു (ഹുസൈൻ മടവൂർ- ശബാബ് 14/10/1994)

1994—> ജനറൽ സെക്രട്ടറി കെ.പി. യെ ധിക്കരിച്ച് കൊണ്ട് മർക്കസ്സുദ്ദവയുടെ ഉദ്ഘാടനം നടത്തി. യുവമനസ്സുകൾക്ക് ദിശാവ്യതിയാനം സൃഷ്ടിക്കാൻ ഉതകുന്ന സെമിനാറുകൾ ആരംഭിച്ചു.

1994—> നേതൃമാറ്റം അനിവാര്യം മടവൂർ എഴുതിയ ലേഖനത്തിൽ ജരാനരകൾ ബാധിച്ച് മസ്തിഷ്കം വറ്റി വരണ്ട......... എന്ന് തുടങ്ങിയ വരികൾ. 94ൽ ജീവിച്ചിരിക്കുന്ന നേതാക്കൾക്കെതിരിൽ. (ശബാബ്- 10-14-1994)

1995—> യുവപ്രബോധകരെ തെറ്റിക്കാൻ ഓറിയന്റേഷൻ കോഴ്സുകൾ മർക്കസ്സുദ്ദഅ് കേന്ദ്രമായി ആരംഭിച്ചു.

1996—>കെ.പി. മരപ്പെട്ടതിന് ശേഷം എ.പി.അബ്ദുൽ ഖാദിർ മൗലവിയെ ജനറൽ സെക്രട്ടറിയായി കെ.എൻ.എം നിയമിച്ചു. (എക്സിക്യൂട്ടീവ് 4-2-1996, കൗൺസിൽ 17-3-1996 ഇത് അംഗീകരിച്ചു.)

1997—> ഹുസൈൻ മടവൂരിനെ കെ.ജെ.യു സെക്രട്ടറിയാക്കാൻ കുത്സിത ശ്രമം നടന്നു.

1997—> കെ.പി. ഐ.എസ്.എം കൗൺസിലിൽ വെച്ച് ഇപ്രകാരം പ്രാർത്ഥിച്ചു ഐ.എസ്.എമ്മിന് കെ.എൻ.എമുമായും എം.എസ്.എമ്മുമായും ഒത്തൊരുമിച്ചു പോകുവാൻ കഴിയട്ടെ. (സെമിനാർ പതിപ്പ് 97)

1997—> ഇഖ്‌വാനുൽ മുസ്‌ലിമിന്റെ ആദർശം പോലെ തറാവീഹ് എത്രയും ആകാം എന്ന മടവൂരിന്റെ പുസ്തകം മർക്കസ്സുദഅ്‌വയിൽ നിന്നും 97ൽ വീണ്ടും പ്രസിദ്ധീകരിച്ചു.(നമസ്കാരം ഒരു ലഘുപഠനം, ശബാബ് 17-04-97)

1998—>തൗഹീദ് പ്രബോധനത്തെ മരവിപ്പിക്കുകയെന്ന ഇഖ് വാനികളുടെ ആദർശം, ആദ്യം സാമൂഹ്യ തിന്മക്കെതിരെ പോരാടുകയാണ് വേണ്ടതെന്ന് വാദിക്കുകയും ചെയ്തു (ഐ.എസ്.എം.സെമിനാർ പതിപ്പ് 98)

1998—> **തൗഹീദ് അല്ല ഈമാൻ** എന്ന് പ്രഖ്യാപിക്കുകയും ജമാഅത്തെ ഇസ്‌ലാമിയെപ്പോലെ തൗഹീദിനെ കൊച്ചാക്കി അവതരിപ്പിക്കുകയും ചെയ്തുകൊണ്ട് സെമിനാർ പ്രബന്ധം പ്രസിദ്ധീകരിച്ചു. (സെമിനാർ പതിപ്പ് 98)

**1998**—> തൗഹീദിനെതിരെ!!!!!.....കൂലം കുത്തി ഒഴുകുന്ന തിന്മകൾക്ക് നേരെ കണ്ണുചിമ്മി നമ്മളൊക്കെ തൗഹീദ് സ്ഥാപക്കാന്നതിൽ വ്യാപൃതരായിരിക്കകയാണ് എന്ന് നമുക്ക് സമാധാനിക്കാം (98-ശബാബ്-സെമിനാർ പതിപ്പ് പേജ്:28)

1998—> ആശയ സമന്വയം എന്ന ആഭാസം നിറഞ്ഞ മാസിക വി.സികളുടെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ചു. ഇത് പത്രത്തിലേക്കുള്ള കാൽവെപ്പാണന്ന് പറഞ്ഞു. ഇതിൽ പലപ്പോഴായി വന്ന അശ്ലീല കഥകളിൽ ചിലത് (ഏഴാംചുംബനം,എന്റെദുഖ:വെള്ളിയാഴ്ചകൾ.)1998 മാർച്ച്,ഏപ്രിൽ,ഫെബ്രുവരി

1999—> അല്ലാഹുവിന്റെ ഗുണവിഷേശങ്ങളെ വ്യാഖ്യാനിക്കാമെന്ന് ലേഖനം പ്രസിദ്ധീകരിച്ചു (ശബാബ് 23-7-99)

1999—> ഹുസൈൻ മടവൂരിനെ കെ.എൻ.എം.ജനറൽ സെക്രട്ടറയാക്കാനും, എ.പിയെ പുറത്താക്കാനും ശാഖാ തെരഞ്ഞെടുപ്പുകളിൽ പിരിച്ചുവിട്ട വളണ്ടിയർകോറിന്റെ സഹായത്താൽ അട്ടിമറികൾ നടത്തി. ഉമർ മൗലവി, എ.പി എന്നിവർക്കെതിരെ അശ്ലീല കൃതികൾ തയ്യാറാക്കി തപാൽ മാർഗം പ്രവർത്തകർക്കയച്ചു. (സിൽസിൽ ബൗൽ, കക്ഷം വടിക്കൽ കാംപയിൻ, കാർട്ടൂണുകൾ)

1999—> മുജാഹിദ് പ്രസ്ഥാനം പ്രബോധനം ചെയ്യുന്ന തൗഹീദിന്റെ മുഖ്യാംശമായ ഉലൂഹിയത്ത് ഒഴിവാക്കിയും ഇഖ്‌വാനികളുടെ മതരാഷ്ട്ര വാദം ഉൾക്കൊള്ളിച്ചും ശബാബ് ലേഖനം പ്രസിദ്ധീകരിച്ചു (ശബാബ് 10/4/99)

1999—> ഉമർ മൗലവി ഹംസ മാസ്റ്റർക്ക് 18-9-99ന് അയച്ച കത്തിൽ ഐ.എസ്.എം പ്രസിഡന്റ് നമ്മുടെ പ്രസ്ഥാനത്തിന്റെ ആളല്ല എന്ന് വ്യക്തമാക്കുന്നു

1999—> ഇഖ്‌വാനികളുടെ പ്രബോധനരീതിപോലെ പ്രബോധന വിജയത്തിന് പൊതുതാൽപ്പര്യമേഖല കണ്ടത്തുക എന്ന മുഖപ്രസംഗം പ്രസിദ്ധപ്പെടുത്തി (ശബാബ്-23/04/99)

1999—> മർഹൂം കെ.ഉമർ മൗലവി ഈ ലേഖനത്തെ ഖണ്ഡിച്ചു കൊണ്ട് ഏറ്റവും പ്രധാനം എന്ന തലക്കെട്ടിൽ ഒരു മറുപടി ശബാബിന് നൽകി. മാസങ്ങൾ കാത്തിരുന്നിട്ടും പ്രസിദ്ധീകരിച്ചില്ല. അത് പിന്നീട് സൽസബീലിൽ ആഗസ്റ്റ്മാസത്തിൽ പ്രസിദ്ധീകരിച്ചു. (പേജ്: 11)

1999—> ഉമർ മൗലവിയുടെ മനസാക്ഷി എന്ന ലേഖനം: ഹുസൈൻമടവൂർ ഇഖ്‌വാനികളുടെ മാർഗ്ഗത്തിലാണെന്ന് എനിക്ക് ബോധ്യമായി.. എന്ന് ഉമർ മൗലവി തുറന്നെഴുതി. കെ.എൻ.എമ്മിന്റെ ആദർശത്തിലും പരിപാടിയിലും യോജിക്കാൻ കഴിയാത്തവരുണ്ടങ്കിൽ അവർ കാര്യം തുറന്ന് പറഞ്ഞ് വേറിട്ട്പോയി സംഘടന വേറെ ഉണ്ടാക്കുകയാണ് വേണ്ടത് (സൽസബീൽ 99 ഡിസംബർ)

1999—> കെ.എൻ.എം സെക്രട്ടറിയേറ്റ് എടുത്ത തീരുമാനപ്രകാരം 1999 മെയ് 13ന് കെ.എൻ.എംഉം, കെ.ജെ.യുവും സംയുക്തമായി ജാമിഅ സലഫിയ്യയിൽ ഔദ്യോഗികമായി ഒരു യോഗം വിളിച്ചു

1999—> പുളപ്പൊയിൽ ആസ്ഥാനമായി ആരും അറിയാതെ എൻ.എം.കെ (നദ്‌വത്തുൽ മുജാഹിദീൻ കേരള) എന്ന സംഘടന റജിസ്റ്റർ ചെയ്തു. റെജി:നമ്പർ. (S.NO.1044 OF 1999)

2000—>സംഘടന പ്രശ്നങ്ങൾ തീർക്കാൻ ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനിയുടെയും. ടി.പി.അബ്ദുള്ളക്കോയ മദനിയുടെയും നേതൃത്വത്തിൽ മദ്ധ്യസ്ഥ സമിതി രൂപികരിച്ചു. ടി.പി.അവരുടെ പക്ഷത്ത് നിന്നുള്ള ആളായിരുന്നു

2000—>മദ്ധ്യസ്ഥ തീരുമാനങ്ങൾ തങ്ങൾക്കെതിരെയാണന്ന് മനസ്സിലാക്കിയ 2-4-2000ന് സി.പി, കെ.കെ, മടവൂർ, എൻ.വി, തുടങ്ങിയ മടവൂർ പക്ഷത്തെ 9പേർ ഒപ്പിട്ട് തങ്ങൾ മദ്ധ്യസ്ഥ തീരുമാനം സ്വീകരിക്കാൻ തയ്യാറില്ലെന്ന് പറഞ്ഞു.

2000—>ഇവരിൽ പലരും ഒറ്റക്കും കൂട്ടായും മദ്ധ്യസ്ഥ തീരുമാനങ്ങളെ തള്ളിപ്പറഞ്ഞു കൊണ്ട് 4-4-2000, 7-4-2000, 19-4-2000 എന്നീ തീയ്യതികളിൽ നോട്ടീസ് ഇറക്കി

2000—>കൗൺസിലിൽ ഇവരുടെ നേതൃത്വത്തിൽ ഒരു വിഭാഗം ബഹളമുണ്ടാക്കി കലക്കാൻ ശ്രമിക്കുകയും ചെയ്തു. 30-4-2000ന് മദ്ധ്യസ്ഥ തീരുമാനം അസ്വീകാര്യമാണെന്ന് പറഞ്ഞ് വോട്ട് ചെയ്തു. ജനാധിപത്യത്തിലെ തോൽവി കാരണവും അതംഗീകരിക്കുകയും ചെയ്തു

2000—>ഖുർആൻ തങ്ങൾക്കിഷ്ടമുള്ള രീതിയിൽ പദാനുപദ അർത്ഥം പറയാം എന്നും സലഫുകളുടെ മാർഗ്ഗം അവലംബിക്കേണ്ടതില്ല എന്നും പറഞ്ഞു. ഇഖ്റഅ് ബിസ്മി കെ.കെ.മുഹമ്മദ് സുല്ലമി ദുർവ്യാഖ്യാനിച്ചു (ശബാബ് 23-2-2001)

2000—> എന്നെ സലഫിയായി അംഗീകരിച്ചു കൊണ്ടുള്ള അറബികളുടെ കത്ത് വേണം എന്ന് മടവൂർ കെ.എൻ.എം മുമ്പാകെ അറിയിച്ചു. കെ.എൻ.എമ്മിന്റെ പേരിൽ മടവൂർ തന്നെ സ്വന്തം കൈപ്പടയിൽ എഴുതി ഒപ്പിട്ടു അറബികൾക്കയച്ചു.(15-08-2000)

2000—> ഈ കത്തിന്ന് മറുപടിയായി മർക്കസ്സുദ്ദഅ്‌വ പൂർണമായും കെ.എൻ.എമ്മിൽ റജിസ്റ്റർ ചെയ്യണമെന്നും, മടവൂരിന്റെ പ്രവർത്തനങ്ങൾ കെ.എൻ.എം മുമ്പാകെ വ്യക്തവും സുതാര്യവുമാക്കണമെന്നും, ഇയാളെ നിരീക്ഷണ വിധേയമാക്കാനും ഇയാൾ സലഫീ മാർഗ്ഗത്തിൽ ഉറച്ചുവെന്ന് കെ.എൻ.എമ്മിന് ബോധ്യപ്പെട്ടതിന് ശേഷമേ നേതൃത്ത്വത്തിൽ കൊണ്ട് വരാവൂ എന്നും അറബികൾ മറുപടിയായി (26-09-2000) വി..കെ.മൊയ്തുഹാജിക്കും, ടി.പി.അബ്ദുള്ളക്കോയമദനിക്കും അയച്ചു

2000—> ഐ.എസ്.എംനെ ഒരു കൗൺസിലോ മീറ്റിങ്ങോ കൂടാതെ, കൂടെ ഉള്ളവരെ പോലും അറിയിക്കാതെ ഒരു പിളർപ്പ് ലക്ഷ്യം വച്ച് സ്വതന്ത്ര ഭരണ ഘടനയോട് കൂടി സ്വകാര്യ റജിസ്ട്രേഷൻ നടത്തി. 2000 ഒക്ടോബറിൽ (ഐ.എസ്.എം ടു തൗസണ്ട് എന്നപേരിൽ)

2001—> ദഅ്‌വത്തിന്റെ രീതി- റിലീഫ് പ്രവർത്തനം നടത്തിയതിന് ശേഷം അവരിലേക്ക് ദഅ്‌വത്തുമായി ചെല്ലുക എന്ന മിഷിണറി നയം പ്രസിദ്ധപ്പെടുത്തി (ശബാബ് 2001 ഡിസം: 14)

2001—> കെ.എൻ.എം. ഐ.എസ്.എം സയുക്ത കൗൺസിലിൽ തങ്ങൾക്ക് ആദർശ വ്യതിയാനം സംഭവിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് ഒരു ചർച്ച നടത്തി തീരുമാനം കൈകൊള്ളണമെന്ന് അന്നത്തെ ഐ.എസ്.എം നേതൃത്വം വാശിപിടിച്ചു. (2001-മാർച്ച്-28)

2001—> കെ.ജെ.യു നിർവ്വാഹക സമിതി യോഗത്തിൽ ഇത്വരെയുണ്ടായ ആദർശ ഭിന്നതകൾ (18 എണ്ണം) ചർച്ച ചെയ്തു തീരുമാനമെടുത്തു. മടവൂർ, സി.പി.ഉമർ സുല്ലമി കെ.ക.മുഹമ്മദ് സുല്ലമി തുടങ്ങിയ അവരുടെ നേതാക്കൾ അത് അംഗീകരിച്ച് ഒപ്പുവച്ചു. അത് വരെ ഉണ്ടായ എല്ലാ പ്രശ്നങ്ങളും പരിഹരിച്ചു. എന്നാൽ സ്വതന്ത്ര സംഘടനകൾ ഉണ്ടാക്കി വച്ചത് അവിടെ അവർ മറച്ച് വച്ചു. (2001 ജൂൺ 4 ന് പുളിക്കൽ മദീനത്തുൽ ഉലും) 2001- 8-9-2001ന് ചേർന്ന കെ.എൻ.എം ഭരണസമിതി 9നെതിരെ 21 അംഗ ഭൂരിപക്ഷപ്രകാരം ഖാലിദിനെ അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം സംഘടനയിൽ നിന്ന് നീക്കം ചെയ്യാൻ തീരുമാനിച്ചപ്പോൾ 18-9-2001ന് സി.പിയുടേയും മടവുരിന്റെയും നേതൃത്വത്തിൽ ഏതാനും പേർ ചേർന്ന് പരസ്യമായി ഒരു വിഘടന പത്രിക പുറത്തിറക്കി

2001—> ഇടക്കാലത്ത് നമ്മുടെ സംഘടനയിൽ രൂപം കൊണ്ട വളണ്ടിയർ കോർ എന്ന രഹസ്യ വിങ്ങ് ആദർശതലത്തിലും സംഘടനാ തലത്തിലും നാളിതുവരെ നാം പുലർത്തിപ്പോന്ന സുതാര്യതക്കും നയനിലപാടുകൾക്കും കടകവിരുദ്ധമാണ്.- തീരുമാനം: ഈ കാര്യം യോഗം അംഗീകരിക്കുകയും ഇത്തരം രഹസ്യ സംഘടനകൾ എല്ലാം അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു.(സി.പി. ഉമർ സുല്ലമി സെക്രട്ടറിയായിരുന്ന കെ.ജെ.യു.17-ാം തീരുമാനം ) ആദർശ വ്യതിയാനം സംഭവിച്ച വിഷയങ്ങൾ:- 1.തൗഹീദിനെ വ്യാഖ്യാനിക്കേണ്ട രീതി, 2.തൗഹീദല്ല ഈമാൻ, 3 അസ്മാഅ് വസ്സിഫാത്ത് 3.തറാവീഹ്, 5.ഖുനൂത്ത്, 4.സലഫി മൻഹജ്, 5.പ്രബോധനം മുൻഗണനാ ക്രമം, 6.ഖുർആൻ വ്യാഖ്യാനിക്കേണ്ട രീതി, ഇഖ്‌വാനി സുറൂറികളുമായുള്ള ബന്ധം, വളണ്ടിയർ കോർ

2001—> കെ.ജെ.യു. തീരുമാനം ഖണ്ഡിച്ചു കൊണ്ട് നീല ചട്ടയുള്ള, ചട്ടയുടെ പുറത്ത് തിയതിയുള്ള(1-6-2001) പുസ്തകം സലഫി പബ്ലിക്കേഷൻ എന്ന പേരിൽ മർക്കസ്സുദ്ദഅ്‌വയിൽ നിന്നും വിതരണം ചെയ്തു. ഇത് തങ്ങളല്ല ഇറക്കിയത് എന്ന് ആണയിട്ട് പറഞ്ഞു. പിരിച്ചു വിട്ട വളണ്ടിയർ കോർ പ്രവർത്തകരായിരുന്നു പ്രധാന വിതരണക്കാർ (യുവതയുടെ വാഹനത്തിൽ കൊണ്ടു വന്നു ഐ.എസ്.എം കൗൺസിൽ, മദീനത്തുൽ ഉലൂം 2001 ജൂൺ 16,17 തിയതികളിൽ 10 രൂപക്ക് വിറ്റു, ) (വയനാട് സമ്മേളന സോവനീർ പേജ്: 340. തങ്ങൾ ഇറക്കിയതായി സമ്മതിക്കുന്നു.) ഈ ശുദ്രകൃതിയിൽ സി.പി. ഉമർ സുല്ലമിയെ ജനറൽ സെക്രട്ടറിയാക്കാൻ കെ പി മുഹമ്മദ് മൗലവി വസിയ്യത്ത് ചെയ്തുവെന്നും, ആ വസിയ്യത്ത് പുലരുന്നത് വരെ പൊരുതുമെന്നും പറഞ്ഞ് പാമര ജനങ്ങളെ കെ.എൻ.എമ്മിനെതിരിൽ ഇളക്കി വിട്ടു.

2001—> സലഫി മൻഹജ് അംഗീകരിച്ചും ഒപ്പിടുകയും (കെ.ജെ.യു. തീരുമാനം) അതിന്ന് ശേഷം ഇറക്കിയ നീല പുസ്തകത്തിൽ സലഫിമൻഹജിനെ വീണ്ടും നിഷേധിച്ചു (പേജ്: 8,9,11,12,41,42) സലഫി മൻഹജ് എന്താണന്ന് 1936ലെ അൽമുർഷിദിൽ പറയുന്നു- മുസ്‌ലിം സമൂഹത്തെ ഖുർആനിലേക്കും സുന്നത്തിലേക്കും സലഫുസ്വാലിഹുകളുടെ മാർഗ്ഗത്തിലേക്കും നയിക്കുക എന്നതാണ് ഈ മാസിക കൊണ്ട് ഞങ്ങൾ ലക്ഷ്യം വെക്കുന്നത് (1936 ഫെബ്രവരി). അമാനി മൗലവിയുടെ തഫ്സീറിൽ 6-6-1964 അവതാരികയിൽ കെ.പി.യുടെ ലേഖനം, ശബാബ്- 1992-ഡിസംബർ 25, 1998-നവംബർ 13, 28-2-1997, 1999-ഫെബ്രവരി 5, 19-01-2001

2001—> നീല പുസ്തകത്തിനെതിരെ കെ.എൻ.എം ഭരണ സമിതി ഐക്യകണ്ഠേന അന്വേഷണ കമ്മീഷനെ നിയമിച്ചു. (29-07-2001)

2001—> കെ.എൻ.എം നേതൃത്വം ഒരു സമഗ്ര പഠനത്തിന് ശേഷം, വേണ്ട എന്ന് ആവിശ്യപ്പെട്ട പത്രം എന്ന ഇവരുടെ സ്വപ്നം തന്നിഷ്ടപ്രകാരം ഇവർ പുറത്തിറക്കി. പത്രത്തിന്റെ പൈലറ്റ് ഇഷ്യൂവായി 2-5-2001 ൽ ജനവാർത്ത പ്രസിദ്ധീകരിച്ചു.

2001—> ജൂൺ 4ന് നടന്ന പണ്ഡിത ചർച്ചയിൽ തറാവീഹ് റകഅത്ത് വിഷയത്തിൽ തനിക്ക് പറ്റിയ തെറ്റുകൾ തിരുത്താമെന്ന് മടവൂർ ഹുസൈൻ മൗലവി പറഞ്ഞിട്ടും അതിന്ന് ശേഷം വിതരണം ചെയ്യപ്പെട്ട 180 പേജുള്ള ക്ഷുദ്രകൃതിയിലെ 63-70 വരെയുള്ള പേജുകളിൽ മടവൂരിന്റെ വാദം വീണ്ടും ആവർത്തിച്ചു. കൂടാതെ 2001 ജൂലൈ 25ന് മൂന്നാം എഡിഷനായി യുവത പുറത്തിറക്കിയ നമസ്കാരം നബി ചര്യയിലൂടെ എന്ന പുസതകത്തിൽ തറാവീഹ് നമസ്കാരം എത്ര റകഅത്ത് എന്നതല്ല എങ്ങിനെ നമസ്കരിക്കണം എന്നതാണ് പ്രധാനം എന്ന് പിന്നെയും പറഞ്ഞു ന്യായികരിച്ചു.

2001—> തിരുത്താം എന്ന് പറഞ്ഞ തറാവീഹ് എത്രയും ആകാം എന്ന് വീണ്ടും ഡിസംബറിർ 14ന് വീണ്ടും ശബാബിൽ

2002—> ഇതിനിടക്ക് കെ.എൻ.എം നേതൃത്വത്തെപ്പോലും അറിയിക്കാതെ യും ക്ഷണിക്കാതെയും പ്രതിനിധി സമ്മേളനം എന്ന പേരിൽ വൻപ്രചാരണത്തോടും മുന്നൊരുക്കത്തോടും കൂടി ഫറോക്കിൽ ഗ്രൂപ്പ് സമ്മേളനം നടത്തി 2002-മെയ്-19

2002—> ഇവിടെ അവതരിപ്പിച്ച നയരേഖ കെ.എൻ.എം പുലർത്തിപ്പോന്ന ആശയാദർശങ്ങൾക്ക് ഘടകവിരുദ്ധമാണ്- ശബാബ് 2002 മെയ് 24

2002—> ഐ.എസ്.എം നേതൃത്വം പിളർപ്പ് ആഗ്രഹിച്ചു- ഊന്നുവടികൾ ഉപേക്ഷിച്ച് സ്വയം നടക്കാൻ ശീലിക്കുന്ന കാലത്തിന്റെ ചരിത്രം അതിന്നായി അപ്രിയതരത്തിലുള്ള വിലകൾ പലതും നൽകേണ്ടിവരും എന്ന ശബാബ് 2002 മെയ് 17ന് എഴുതി

2002—> 1993 ഐ.എസ്.എം പ്രവർത്തന നയരേഖയിൽ തൗഹീദീ പ്രബോധനം ഖണ്ഡന മണ്ഡന മുക്തമാക്കണമെന്ന പ്രമാണ വിരുദ്ധ ആശയം പണ്ഡിത സഭയിൽ വിമർശിക്കപ്പെടുകയും അത് തിരുത്താമെന്ന് ഉറപ്പ് നൽകുകയും ചെയ്തതിന്ന് ശേഷം നീല പുസ്തത്തിലെ ന്യായീകരണത്തിന്ന് പുറമെ 2002 ജൂൺ 7 ലെ ശബാബിൽ ആ വാദം വീണ്ടും ഒരഭിമുഖത്തിൽ ആവർത്തിച്ചു.

2002—> തുടർച്ചയായ 9 മാസത്തെ അന്വേഷണത്തിന് ശേഷം അച്ചടക്ക ലംഘനം തുടർപരിപാടിയാക്കിയ അന്നത്തെ ഐ.എസ്.എം നേതൃത്വത്തിനെതിരെ അച്ചടക്ക നടപടി കൈകൊള്ളാൻ 30-06-2002 ചേർന്ന കെ.എൻ.എം ഭരണസമിതി തീരുമാനിച്ചു

2002—> അന്വേഷണ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചു: 180 പേജുള്ള ക്ഷുദ്രകൃതിയുടെ ഉറവിടം മർക്കസ്സുദ്ദഅ്വയാണ് വിതരണം ചെയ്തത്. പുസ്തകം വ്യാപകമായ വിതരണത്തിന് ഐ.എസ്.എമ്മിന്റെ ഔദ്യോഗിക ചാനൽ നിർലോഭം ഉപയോഗിച്ചു. ഐ.എസ്.എം കൗൺസിലിൽ വെച്ചാണ് ആദ്യമായി വിതരണം നടത്തിയത് (പുളിക്കൽ മദീനത്തുൽ ഉലും അറബിക്കോളേജ്. 2001 ജൂൺ 16,17). പ്രസ്തുത പുസ്തകം മർക്കസ്സുദ്ദഅ്വയിൽ നിന്ന് തന്നെയാണ് ഇറങ്ങിയുട്ടുള്ളതെന്ന് സി.പി.ഉമർ സുല്ലമി അൽ ഇസ്ലാഹിന് നൽകിയ അഭിമുഖത്തിൽ സമ്മതിച്ച രേഖയും കമ്മീഷൻ ഹാജറാക്കി

2002—> ഇക്കാരണത്താൽ (5-7-2002)ന് ഐ.എസ്.എം നേതൃത്തോട് ഷോക്കോസ് നോട്ടീസ് നൽകി വിശദീകരണം ആവശ്യപ്പെട്ടു. ഭരണസമിതി അവർക്കെതിരിൽ 9 ഗൗരവമുള്ള കുറ്റങ്ങൾ എടുത്തു കാണിച്ചിരുന്നു. പ്രസക്തമായത് നീലപുസ്തകവും, ഫറോഖ് സമ്മേളനവും..................

2002—> അവരിൽ നിന്നും 12-7-2002ന് ലഭിച്ച മറുപടി ഒട്ടും തൃപ്തികരമല്ലായിരുന്നു. തങ്ങൾ ചെയ്ത തെറ്റുകളെപ്പറ്റി നേരിയ മന:സ്താപം പോലും ഇല്ലായിരുന്നു. നീല പുസ്തകം തങ്ങളുമായി യാതൊരു ബന്ധവുമില്ലന്ന് ആവർത്തിച്ചു.

2002—> നീല പുസ്തകമടക്കം ഐ.എസ്.എമ്മിന്റെ പേരിൽ ആരോപിക്കപ്പെട്ട 9 കുറ്റങ്ങളെ സംബന്ധിച്ച് അവരോട് യാതൊരു അന്വേഷണവും നടത്താതെയാണ് അവർക്കെതിരിൽ അച്ചടക്ക നടപടി എടുത്തത് എന്ന പ്രചാരവേല കല്ലുവച്ച കള്ളമാണ്. 5-7-2002 ന് ഐ.എസ്.എമ്മിനോട് വിശദീകരണം ചോദിച്ചു കൊണ്ടയച്ച കത്തും അതിന്ന് 13-7-2002 ന് അവരിൽ നിന്ന് ലഭിച്ച മറുപടിയും, 12-8-2002ന് ചേർന്ന ഭരണ സമിതിയിൽ വായിച്ച് കേൾപ്പിക്കുകയുമുണ്ടായി. എന്ത് നടപടി കൈക്കൊള്ളണമെന്ന് അംഗങ്ങൾ ഏവരും അഭിപ്രായം പ്രകടിപ്പിച്ചതിന്ന് ശേഷമാണ് 9 അംഗങ്ങൾക്കെതിരെ 23 അംഗ ബഹുഭൂരിപക്ഷത്തിന്റെ അഭിപ്രായമനുസരിച്ച് ഐ.എസ്.എമ്മിലെ 35 സംസ്ഥാന എക്സിക്യുട്ടീവിനെ മാത്രമാണ് താൽകാലിമായി പിരിച്ചുവിടാൻ തീരുമാനിച്ചത്.

2002—> നീല പുസ്തകവുമായി തങ്ങൾക്ക് യാതൊരു ബന്ധവുമില്ല എന്ന് വീണ്ടും ഐ.എസ്.എം നേതൃത്വം (ശബാബിൽ 2002-ആഗസ്റ്റ്-16)

2002—> മടവൂർ സി.പി ഉമർ സുല്ലമി അടക്കമുള്ളവരെ (12-8-2002)കെ.എൻ.എം. ഭരണ സമിതിയിൽ നിന്നും പുറത്താക്കിയിട്ടില്ല.

2002—> 35പേരുടെ തെറ്റിനെ ന്യായീകരിക്കുകയും, പ്രതികാരബുദ്ധിയോടെ മടവൂർ അടക്കമുള്ള കെ.എൻ.എം ഭരണസമിതിയിലെ വെറും 9 അംഗങ്ങളും അന്വേഷണ വിധേയമായി പിരിച്ച് വിട്ടയാളുകളും ചേർന്ന് കെ.എൻ.എം ഭരണ സമിതിയിലെ ഭൂരിപക്ഷം വരുന്ന 23 അംഗങ്ങളെ പിരിച്ചുവിട്ടതായി പ്രഖ്യാപിച്ചു. 17-8-2002

2002—> കെ.എൻ.എമ്മിന്, ഐ.എസ്.എം നേതൃത്വത്തിനെതിരെ തീരുമാനങ്ങളെടുക്കാൻ അധികാരമില്ല ഞങ്ങൾ സതന്ത്ര സംഘടനയാണ് എന്ന് കെ.ജെ.യുവിന്റെ മുമ്പിലോ, സംഘടനാ മദ്ധ്യസ്ഥന്മാരുടെ മുമ്പാകയോ വെളുപ്പെടുത്താത്ത കപടത, രണ്ട് വർഷം മുമ്പ് തങ്ങളുടെ കൂടെ ഉള്ളവർ പോലും അറിയാതെ പിളർപ്പ് ലക്ഷ്യം വച്ച് വി.സി.നേതൃത്വം ഉണ്ടാക്കിയത് പത്രത്താളിലൂടെ 17-8-2002ന് പരസ്യപ്പെടുത്തി. (ചന്ദ്രിക)

2002—> ഹുസൈൻ മടവൂർ കെ.എൻ.എമ്മിന്റെ സെക്രട്ടറിമാരിൽ ഒരാളായിരിക്കെ രാജിപോലും നൽകാതെ, 36 അംഗങ്ങളിൽ നിന്ന് തന്നെ അനുകൂലിക്കുന്ന ബാക്കിവരുന്ന 8 പേരെയും കൊണ്ട് പ്രസ്ഥാത്തിൽ നിന്ന് പുറത്തു പോവുകയും, പിളർത്തൽ ലക്ഷ്യം വെച്ച് മുമ്പ് 1999ൽ ഉണ്ടാക്കി വച്ച എൻ.എം.കെയുടെ ജനറൽ സെക്രട്ടറിയായി സ്വയം അവരോധിതനായി (2002-ഓഗസ്റ്റ് 17ന്.) എന്നാൽ സി.പി ഉമർ സുല്ലമിയെ ജനറൽ സെക്രട്ടറി ആക്കാനുള്ള വസ്വീയത്ത് പാലിച്ചതുമില്ല! (വസ്വീയ്യത്ത് വി.സികളുടെ നിർമ്മിതി, നീല പുസ്തകത്തിൽ മാത്രമെ അതൊള്ളൂ)

2002—> മടവൂരികളുടെ 9 കൗൺസിലർമാർ ചേർന്ന്, 23 അംഗ കെ.എൻ.എം കൗൺസിലർമാരെ വ്യാജ രേഖയുണ്ടാക്കി തൽസ്ഥാനത്ത് നിന്ന് നീക്കിയതായി അറിയിച്ച് സമാന്തര സംഘടക്ക് 2002 ആഗസ്ത് 17 ന് രൂപം നൽകി 35 അംഗ കൗൺസിലിൽ നിന്നും 9പേരുള്ള ഇവർ തങ്ങളുടെ കൂടെ 75% കൗൺസിലർമാരും 95% മുജാഹിദുകളും തങ്ങളുടെ പക്ഷത്താണന്നും പറഞ്ഞ് പത്ര പ്രസ്താവന നടത്തി!

2002—> മടവൂർ എൻ.എം.കെ. ജനറൽ സെക്രട്ടറിയായി, കെ.എൻ.എം ലെറ്റർപാഡ് ദുരുപയോഗം ചെയ്ത് എഴുതിയ കത്തിൽ 20-8-2002- ആവശ്യപ്പെട്ട കാര്യങ്ങൾ 1-മുജാഹിദ് സെന്റർ ഒഴിഞ്ഞ് കൊടുക്കുക 2-ബാങ്ക് എക്കൗണ്ടുകളും,

ചെക്കുകളും തങ്ങളെ ഏൽപ്പിക്കുക 3-സംഘടനയുടെ സ്വത്തുക്കളുടെ ആധാരങ്ങൾ, മറ്റു രേഖകൾ, പ്രസിദ്ധീക രണങ്ങൾ തങ്ങളെ ഏൽപ്പിക്കുക

2002—> ആദ്യത്തെ പണ്ഡിത സംഘടനായ ജംഇയ്യത്തുൽ ഉലമയെ സെപ്തംബർ-2ന് പിളർത്തി. അത് മുമ്പ് ഉണ്ടാക്കി വെച്ചിരുന്നില്ല.

2002—> എം.എസ്.എമ്മിനെ പിളർത്തിയത് സെപ്തംബർ 4ന് ആയിരുന്നു അതും മുമ്പ് ഉണ്ടാക്കി വെച്ചിരുന്നില്ല.

2002—> എം.ജി.എമ്മിനെ പിളർത്തിയത് സെപ്തംബർ 18നായിരുന്നു. അതും മുമ്പ് ഉണ്ടാക്കി വെച്ചിരുന്നില്ല.

2002—> ഒന്നിച്ച് എറണാകുളത്ത് നടത്താൻ നിശ്ചയിച്ചിരുന്ന സമ്മേളത്തിന് ബദലായി കോഴിക്കോട് എൻ.എം.കെയുടെ നേതൃത്വത്തിൽ ആദ്യത്തെ സംസ്ഥാന സംമ്മേളനം നിശ്ചയിച്ചു.

2002—> ഇവരും കൂടി അംഗീകരിച്ച് ഒപ്പുവെച്ച കേരള ജംഇത്തുൽ ഉലമ ഇവർക്കെതിരെ എടുത്ത ആദർശ വ്യതിയാന തീരുമാനങ്ങൾ ശരിയല്ല എന്നും പക്ഷപാതപരവും നീതിയില്ലാത്തതുമാണ് എന്നും ശബാബ് സെപ്തംബർ 6ൽ പ്രസിദ്ധപ്പെടുത്തി.

2002—> ജുലൈ മാസത്തിൽ മലപ്പുറം ഈസ്റ്റ്, വെസ്റ്റ്, കോഴിക്കോട് സൗത്ത്, വയനാട്, തൃശൂർ എന്നീ ജില്ലകളിൽനിന്ന് കെ.എൻ.എം. കൗൺസിലർമാരെ ഒഴിവാക്കിയെന്ന് വ്യാജ മിനുട്സ് ഉണ്ടാക്കി. ഇത് പിന്നീട് കോടതിയിലും സമർപ്പിച്ചു.( കെ.എൻ.എം.പോഷക സംഘടനയായ ഐ.എസ്.എം ഭാരവാഹികൾക്കെതിരെ നടപടി എടുക്കുന്നതിന്ന് മുമ്പാണിതെന്ന് ഓർക്കുക)

2002—> തൗഹിദീ പ്രബോധനത്തെ കാളപ്പോരും, സ്പാനിഷ് കാളകളെന്നും അനാക്രോണിക് കസർത്തുകളെന്നും പറഞ്ഞ് കളിയാക്കി ശബാബിൽ 2002 ഒഗസ്ത് 23ന് ലേഖനം പ്രസിദ്ധീകരിച്ചു

2002—> മദ്യസ്ഥൻമാരായിരുന്ന ആളുകളെ കുറിച്ച് വ്യാപകമായി കുപ്രചരണങ്ങളും അശ്ളീലം നറഞ്ഞ കാർട്ടൂണുകളും വളണ്ടിയർകോർ അംഗങ്ങൾ വഴി പ്രചരിപ്പിച്ചു. മദ്യസ്ഥൻമാർ തീരുമാനിച്ച തീരുമാനം അംഗീകരിക്കണം എന്ന് ഒരുകൂട്ടർ അംഗീകരിക്കില്ലയെന്ന് പിളർപ്പൻമാർ ഈ കാര്യം വോട്ടിനിട്ട് തീരുമാനിക്കാം എന്നായി, മദ്യസ്ഥൻമാരിൽ ചിലർ കെ.എൻ.എം സ്റ്റേറ്റ് കൗൺസിലർമായിരിക്കെ അവരും മദ്യസ്ഥതീരുമാനം അംഗീകരിക്കണം എന്നും പറഞ്ഞ് വോട്ട് ചെയ്തു.ആകാര്യത്തിലും വിധി കെ.എൻ.എമ്മിന് അനുകൂലമായി ഇതോട് കുടി ഇവിടെയും ഇവർക്ക് നിൽക്കകള്ളിയില്ലാതെയായി പിളർത്താൻ ഉദ്ദേശിച്ച് വന്ന ഇവർ സംഘടന പിളർത്തിപ്പോയി

2002—> രണ്ട് ചിന്താ ധാരകൾ തമ്മിലുള്ള ആശയ സംഘട്ടനമാണ് മുജാഹിദ് പ്രസ്ഥാനത്തിനുള്ളിൽ ഇത് വരെ നടന്നുവന്നിരുന്നത് എന്ന് ശബാബ് 2002 ആഗസ്റ്റ് 16ന് എഴുതി.

2002—> ഇഖ്‌വാനീ ആദർശങ്ങൾ കുത്തിനിറച്ച് ഇവർ പുറത്തിറക്കിയ ഇവരുടെ ആദർശപുസ്തകം (നീലപുസ്തകം) അത് ചില മാറ്റത്തിരുത്തലുകൾക്ക് വിധേയമാക്കി 10-09-2002ന് എം.ഐ.സുല്ലമി പഴയ വ്യതിയാന പുസ്തകം പുതിയ രൂപത്തിൽ ചുവന്ന കവറോട് കൂടി അന്നത്തെ വിഘടിത നേതൃത്വം പുനപ്രസിദ്ധീകരിച്ചു.

2002—> കെ.എൻ.എമ്മും ഐ.എസ്.എമ്മും ആദർശതലത്തിലും രീതിശാസ്ത്രത്തിലും പ്രകടമായ വ്യത്യാസമുള്ള രണ്ട് വ്യത്യസത സംഘടനകളാണെന്ന് അബൂബക്കർ കാരക്കുന്ന് കോഴിക്കോട് കോടതിയിലെ 533/2002 കേസിൽ സത്യവാങ്മൂലം നൽകി

2002—> അൽ ഇർഫാദിൽ നൽകിയ അഭിമുഖം: ശിർക്കാരോപണവും പള്ളി പിടിക്കലും സ്റ്റേജ് കയ്യേറലും കെ.എൻ.എമ്മിന്റെ പ്രവർത്തനങ്ങളായിരുന്നു (ഹുസൈൻ മടവൂർ അൽഇർഫാദ് സുന്നീമാസിക. സപ്ത:2002)

2002—> പെനിൻസുല പത്രത്തിന് മടവൂർ നൽകിയ അഭിമുഖം: പണം മുഴുവൻ എക്കൗണ്ട് ചെയ്യുകയും ഓഡിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട് ചേരിതിരിവ് ആദർശപരമാണ് (പെനിൻസുല 21-11-2002)

2002—> കേരള മുസ്‌ലിംകൾക്കിടയിലെ അന്ധവിശ്വാസങ്ങൾക്കും നിരക്ഷരതക്കുമെതിരിൽ പൊരുതാൻ 1950ൽ രൂപം കൊണ്ട കെ.എൻ.എംനെ പിളർപ്പിലേക്ക് നയിച്ചത് തന്റെ പുരോഗമന ചിന്തയാണെന്ന് മടവൂർ ഒരു അഭിമുഖത്തിൽ സമ്മതിച്ചു(പെനിൻസുല 21-11-2002)

2002—> നദ്‌വത്തുൽ മുജാഹിദീൻ കേരള (എൻ.എം.കെ)യുടെ പേരിലുള്ള ഓന്നാം സംസ്ഥാന സമ്മേളനം 2002-ഡിസംബർ- കോഴിക്കോട് നടന്നു. (പ്രോഗ്രാം നോട്ടീസ് എൻ.എം.കെയുടെ പേരിലാണ്)

2002—> മുജാഹിദ് പ്രസ്ഥാനം എറണാകുളം വെച്ച് 2002ൽ നടത്താൻ ഉദ്ദേശിച്ചിരുന്ന സംസ്ഥാന സമ്മേളനത്തിനെതിരിൽ ഇവരിൽ ചിലർ വ്യാപകമായി കുപ്രചരണങ്ങൾ അഴിച്ചുവിട്ടു

2002—> തങ്ങൾ താലോലിച്ചു കൊണ്ട് നടന്ന സ്വന്തമായൊരു പത്രം എന്ന സ്വപനം യാഥാർത്ഥ്യമാക്കി

2002—> പ്രശ്നം ആദർശപരം എന്ന് ശബാബിൽ 16/08/2002 വീണ്ടും പറയുന്നു

2003—> വർത്തമാന പത്രം തുടങ്ങുന്നതിന്ന് ആവശ്യമായ പണം സ്വരുപിക്കാൻ സി.പിയടക്കം ഉന്നത പണ്ഢിതൻമാർ പിരിക്കാൻ ഇറങ്ങി. പാമര ജനങ്ങളുടെ സകാത്തിന്റെ വിഹിതം വരെ ഈ ശിർക്കൻ പത്രത്തിന്ന് വേണ്ടി പിരിച്ചെ ടുത്തു. എ.വി അബ്ദുറഹ്മാൻ ഹാജി പ്രസിഡന്റ് ആയി ജില്ലാ, മേഖലാ, ശാഖായിലെ കെ.എൻ. എം, ഐ.എസ്.എം. എം.എസ്.എം ഭാരവാഹികൾക്ക് പത്രം നമ്മുടെ മേൽനോട്ടത്തിലാണ് എന്നുംപറഞ്ഞ് 1-08-2003ന് സർക്കുലർ അയച്ചു

2003—> ആഭാസ കഥകൾ ഇവരുടെ പത്രത്തിൽ, വേശ്യകളെ എങ്ങനെ വശീകരിക്കാം എന്ന പാപ്പാൻ കഥകൾ (2-3-2003)

2003—> ആൾദൈവങ്ങളെ പ്രകീർത്തിച്ച് അയ്യപ്പ ഭക്തൻമാർക്ക് സ്വാഗതം എന്ന ബാനറും അമ്മയുടെ പരസ്യവും( 14-8-2003) മമ്മുട്ടി ടൈംസും അമ്യുസ്മെന്റ് പാർക്കുകളിലേക്ക് ടിക്കറ്റും സർക്കസ് പരസ്യവും നൽകി. വെറും ഒരു പത്രമല്ല വക്കം അബ്ദുൽഖാദിർ മൗലവിയുടെ പരമ്പര്യമുള്ള തൗഹീദ് പ്രചരിപ്പിക്കാനുള്ള പത്രമാണെന്നോർക്കണം

2003—> കേരളത്തിലെ മുജാഹിദ് തർക്കം തീർക്കാൻശ്രമം തുടങ്ങി എന്ന അഖിലേന്ത്യാ അഹ്‌ലെഹദീസ് ജനറൽ സെക്രട്ടറി ഇമാം അസ്ഗറലി മഹ്ദിയെ നിയമിച്ചു എന്ന് കള്ള പ്രചരണം ഹുസൈൻ മടവുർ 2003 നവമ്പർ 12ന് ചന്ദ്രിക ദിനപത്രത്തിൽ നൽകി

2004—> വ്യക്തമായ ഇസ്‌ലാം വിരോധിയായ സി.ഐ.എ ബന്ധമുള്ള മാർഗ്ഗോബദ്റാന് വേദികൾ ഒരുക്കി ( മാതൃഭൂമി,

4-1 -2004)

2004—> കോഴിക്കോട് വെച്ചുള്ള ഐ.എസ്.എം സെമിനാർ തടസ്സപ്പെടുത്താൻ മടവൂരികളടെ കുത്സിത ശ്രമം (ചന്ദ്രിക, മാർച്ച് 22 തിങ്കൾ)

**2006—>** വർത്തമാനവും മമ്മുട്ടി ടൈംസും സംയുക്തമായി സംഘടിച്ച അവാർഡ് പ്രോഗ്രാം (മമ്മുട്ടി ടൈംസ്, ഡിസംബർ 1-15)

2004—> ആദർശ പാപ്പരത്തം കൊണ്ട് കെ.ജെ.യു. നിർവ്വാഹക സമിതിയുടെ മുമ്പാകയോ മറ്റ് ഏതെങ്കിലും ബോഡിയുടെ മുമ്പാകെയോ അവതരിപ്പിക്കാത്ത പുതിയ വാദം മുജാഹിദ് പ്രസ്ഥാനത്തിനുണ്ടന്ന് മുമ്പേ ഉണ്ടന്ന് വരുത്തി ത്തീർക്കാൻ മടവൂരികൾ കുത്സിത ശ്രമം നടത്തിത്തുടങ്ങുന്നു. (അത് സാൽവേഷൻ പൊളിക്കാൻ വേണ്ടിയായിരുന്നു)

2006—> ഡിസം: 17 മുതൽ 27 കുടിയ തിയ്യതികളിൽ സാൽവേഷൻ എന്ന പേരിൽ മുജാഹിദ് പ്രസ്ഥാനം ലോകം കണ്ടതിൽ വച്ചേറ്റവും വലിയ ഒരു ഇസ്ലാമിക് എകസിബിഷൻ സംഘടിപ്പിച്ചു. സാൽവേഷന് വേണ്ടിയുള്ള പ്രചാരണ പ്രവർത്തനത്തിന്നിടയിലും മടവൂരികളിൽ ചില തൽപര കക്ഷികൾ ഇതിന്നെതിൽ പുർവ്വപണ്ഢിതൻമാർക്കും പ്രസ്ഥാനത്തിന്നും പുതുതായി ഒരഭിപ്രായവുമില്ലാത്ത വിഷയമായ ജിന്ന്, സിഹ്റ്, പിശാച് എന്നീ വിഷയങ്ങളിൽ മുജാഹിദുകൾക്കെതിരിലും പണ്ഢിതൻമാർക്കെതിരിലും വ്യാപകമായി കുപ്രചരണങ്ങൾ അഴിച്ചുവിട്ടു

**2008—>**ഇസ്ലാഹി പ്രസ്ഥാനം കുറ്റിപ്പുറം സമ്മേളനത്തിലൂടെ നിയമം മൂലം നിർത്തൽ ചെയ്യണം എന്ന് ആവശ്യപ്പെട്ട പൊതു പ്രകടനങ്ങൾ, മഞ്ചേരി ടൗണിലൂടെ ബുഷ്നെതിരിൽ സത്രീകളെ കൊണ്ടും, വയനാട്ടിലെ എൻ.എം.കെയുടെ 2-ാം സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായും പുനരാനയിച്ചു.

2008—> ചങ്ങരം കുളത്ത് വെച്ച നടത്താൻ ഉദ്ദേശിച്ച മുജാഹിദ് 7ാം സംസ്ഥാന സമ്മേളനം മടവൂരികൾക്കാവും വിധം കുപ്രചരണങ്ങൾ നടത്തിയും വ്യാജ ആരോപണങ്ങൾ പ്രസ്ഥാനത്തിന്റെ മേൽ വെച്ച കെട്ടിയും,

2004—> കെ.ജെ.യു. നിർവ്വാഹക സമിതിയുടെ മുമ്പാകയോ മറ്റ് ഏതെങ്കിലും ബോഡിയുടെ മുമ്പാകെയോ അവതരിപ്പിക്കാത്ത പുതിയ വാദം മുജാഹിദ് പ്രസ്ഥാനത്തിനുണ്ടന്ന് മുമ്പേ ഉണ്ടന്ന് വരുത്തിത്തീർക്കാൻ മടവൂരികൾ കുത്സിത ശ്രമം നടത്തിത്തുടങ്ങുന്നു. പുനരാനയിക്കുന്ന അന്ധവിശ്വാസങ്ങൾ എന്ന പേരിൽ പ്രസ്ഥാനത്തിനെതിരിൽ കള്ളപ്രചാണങ്ങൾ നടത്തയെല്ലാം നോക്കി. ഇതൊന്നും മുജാഹിദ് പ്രസ്ഥാനത്തിന്ന് എറ്റിട്ടില്ലെന്ന് സമ്മേളനം വീക്ഷിച്ചവർക്ക് ബോധ്യമായി, അതിന്ന് മാത്രമായിരുന്നു ഈ പ്രസ്ഥാനത്തിന്റെ വളർച്ച.

2008—> സമ്മേളന ശേഷം അവിടെ ക്ഷണിച്ച അതിഥികൾക്ക് നേരെയായി ആരോപണങ്ങൾ ഇതും വിലപ്പോയില്ല

**2008—>** ഫെബ്രുവരി 7,8,9,10 തിയ്യതികളിൽ എൻ.എം.കെയുടെ രണ്ടാം സംസ്ഥാന സമ്മേളനം തങ്ങൾ (കെ.എൻ.എം) മുജാഹിദുകളാണന്ന് സാധാരണ ജനങ്ങൾക്കിടയിൽ പറയുകയും, എന്നാൽ ഔദ്യോഗികമായ ഇവരുടെ സമ്മേളനങ്ങളുടെ പ്രോഗ്രാം നോട്ടീസും, സമ്മേളന സോവനീറും നദ്‌വത്തുൽ മുജാഹിദീൻ എന്ന പേരിൽ രേഖപ്പെടുത്തുന്നു.(എൻ.എം.കെ)

**2008—>**ഇസ്ലാമിന് അന്യമായ മ്യൂസിക് വിഘടിതരുടെ സമ്മേളന പ്രചരണങ്ങളിൽ ഉപയോഗിക്കുകയും വയനാടൻ സമ്മേളനത്തിൽ വ്യാപകമായി വിറ്റഴിക്കുകയും ചെയ്തു

**2008—>**ജനങ്ങൾക്കിടയിൽ പൊതുതാൽപര്യ മേഖല കണ്ടെത്താൻ വേണ്ടി ആഭാസവും അശ്ലീല സിനിമയിൽ അഭിനയിക്കുന്നവരെ പ്രോത്സാഹിപ്പിക്കുകയും അവരെകൊണ്ട് സിനിമയുണ്ടാക്കുകയും സമ്മേളന സ്ഥലങ്ങളിൽ വിൽക്കുകയും ചെയ്തു (വയനാട് സമ്മേളനം സ്റ്റാളുകൾ)അത് ശബാബിൽ പരസ്യം നൽകുകയുമുണ്ടായി

**2008—>**നേതൃമോഹം അഖിലേന്ത്യാ മുസ്ലിം ഐക്യസംഘത്തിന്റെ പ്രസിഡണ്ടായി ഹുസൈൻ മടവൂർ അവരോധിതനായി 16-02-2008 ചന്ദ്രിക

ത്വാലിബുൽ ഹഖ് - ഐക്കരപ്പടി